Code NO: ~~106~~ 2043

1

# മനുഷ്യാ, നീ മണ്ണാകുന്നു

"ഹേ, ഭൂമി, നീ എന്നോട് ക്ഷമിച്ചാലും, ഞാൻ നിന്റെ മാറിടം പിളർന്ന് പലതും മോഷ്ടിച്ചു, കൊള്ളയടിച്ച് എന്റെ സ്വാർത്ഥമായ താത്പര്യങ്ങൾക്ക് നിന്നെ ഇരയാക്കി മാറ്റി. നിന്നിൽ നിന്ന് ഞാൻ കവർന്നതെല്ലാം നിന്നിൽ നാമ്പിടട്ടെ, എന്നെ നീ ശപിക്കരുത്, നീ ഉയിർത്തെഴുന്നേൽക്കും" - ഇത് അഥർവ്വവേദത്തിൽ നിന്നുള്ള വാക്യങ്ങൾ. ഈ ഒരു സാമൂഹിക കാലഘട്ടത്തിൽ ഈ വാക്കുകൾക്കും, ഓരോ അക്ഷരങ്ങൾക്കും വലിയ വിലയുണ്ട്.

"ഇത് ഒരു പ്രതികാരമല്ലായിരുന്നു. ഒരു മറുപടിയായിരുന്നു. പ്രകൃതി അവളുടെ ," ഭാഷയിൽ പ്രതികരിച്ചു എന്ന് മാത്രം. ഈ കഴിഞ്ഞ ആഗസ്റ്റിൽ കേരളത്തെ നടുക്കിയ പ്രളയത്തിന് ശേഷം സുഗതകുമാരിയുടെ

മറുപടിയായിരുന്നു ഇത്.

കേരളം എന്നും ജീവിക്കാനുള്ള പ്രത്യാശയായിരുന്ന ഹരിതാഭ ഭൂമിയായ കേരളത്തെ ഇത്തരത്തിൽ ഒരു പ്രകൃതി ക്ഷോഭം മരവിപ്പിക്കുമെന്ന് ആരും പ്രതീക്ഷിച്ചതല്ല.

2015-ൽ കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് പാരീസ് ഉടമ്പടി നടപ്പിലാക്കുന്നതിന് മുന്നോടിയായി പാരീസ് കോൺഫറൻസ് നടക്കുന്ന സമയത്താണ്. ആ ഡിസംബർ മാസത്തിലാണ് ചെന്നൈ നഗരം പ്രളയത്തിന്റെ ആഴത്തിൽ മറഞ്ഞത്. അന്ന് തന്നെ സമൂഹം ഓർക്കേണ്ട ഒന്നായിരുന്നു ചെന്നൈ നഗരവും കേരളവും തമ്മിൽ അത്ര വലിയ ദൂരമൊന്നും ഇല്ല എന്ന സത്യം.

"സത്യം വിളിച്ചു പറഞ്ഞവനെ സമൂഹം അകറ്റി. ഇന്ന് സമൂഹം സത്യത്തെ തിരിച്ചറിയുന്നു" ഇത് പ്രൊഫസർ മാധവ് ഗാഡ്ഗിലിന്റെ വാക്കുകൾ. ഈ വാക്കുകളിൽ തെളിയുന്നത് കേരള ജനതയോടുള്ള പുച്ഛമല്ല, സഹതാപമാണ്.

2011-ലാണ് ഗാഡ്ഗിൽ കമ്മീഷന്റെ നേതൃത്വത്തിൽ റിപ്പോർട്ട് സമർപ്പിച്ചത്. എന്നാൽ ആ മനുഷ്യനെ അന്ന് തെരുവു വീഥികളിലൂടെ കല്ലെറിഞ്ഞ് ഓടിച്ച കേരളീയർ ഇന്ന് യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ടും, കസ്തൂരി രംഗൻ റിപ്പോർട്ടും സത്യത്തിന്റെ മുദ്രകളായിരുന്നെന്ന്.

ഭാരതപ്പുഴയുടെ മണൽത്തിട്ടിൽ ഗോലി കളിക്കുന്ന കുട്ടികളുടെ ചിത്രം നാം കഴിഞ്ഞ വർഷങ്ങളിൽ ഭീതിയോടെയാണ് പത്രങ്ങളിൽ കണ്ടത്. എന്നാൽ ഇപ്രാവശ്യം. ഈ കഴിഞ്ഞ നാളുകളിലായി നിളയും, പെരിയാറും, പമ്പയും തങ്ങളുടെ ഉഗ്രരൂപങ്ങളാണ് ജനങ്ങൾക്ക് മുന്നിൽ എത്തിച്ചുകൊടുത്തത്

ഒരു കൂട്ടം ജനങ്ങൾക്ക് നാലുവശത്തും ജലം തളം കെട്ടി നിന്നിട്ടും. കുടിക്കാനായി മിനറൽ ബോട്ടിലുകൾക്കായി നാവികസേനയുടെ ഹെലിക്കോപ്ടർ കാത്തിരുന്ന ദിനങ്ങൾ, ഭക്ഷണപ്പൊതികൾക്കായി മത്സരിച്ച മണിക്കൂറുകൾ, സഹവാസ ക്യാമ്പുകൾ തിങ്ങി നിറഞ്ഞ മാസങ്ങൾ. ഇവ ദുരിത മുഖങ്ങളുടെ ബാക്കിപത്രങ്ങൾ.

ബോട്ടിലേയ്ക്ക് ജനങ്ങളെ കയറ്റാൻ വേണ്ടി സ്വന്തം ശരീരം ചവിട്ടുപടിയാക്കിയ ജെയ്സലിനെ നാം കണ്ടു. ജനങ്ങളുടെ രക്ഷ നിർവഹിച്ചതിന് പണം വേണ്ട ബോട്ട് നന്നാക്കി തന്നാൽ മതി എന്ന് സർക്കാരിനോട് പറഞ്ഞ അബ്ദുബക്കറിനെ കേരളം കണ്ടു. നൂറ്റാണ്ടുകൾക്ക് ശേഷം കേരളം ഐക്യത്തിന്റെ അർത്ഥം തിരിച്ചറിഞ്ഞു. നാളുകൾക്ക് ശേഷം സഹവാസ ക്യാമ്പുകളിൽ തറയിലിരുന്നുകൊണ്ട് നാം ഒന്നിച്ച് ഒരുമയുടെ ഓണം ഉണ്ടു. ഇന്ന് നാം കേരളീയരാണ്. കേരളത്തിന്റെ ആത്മാവിനെ തിരിച്ചറിഞ്ഞ കേരളീയർ.

ഒരു ദുരന്തം നടന്നു കഴിഞ്ഞാൽ 5 ഘട്ടങ്ങളായാണ് പിന്നീടുള്ള കുതിപ്പ് ഇതിൽ കേരളത്തിൽ രക്ഷപ്പെടുത്തൽ, ആശ്വാസം പകരൽ, പുനരധിവാസം തുടങ്ങിയവ നടത്തിക്കഴിഞ്ഞു. ഇനി ബാക്കിയുള്ളത് പുനർനിർമ്മാണവും, പുനർവികസനവുമാണ്. ഈ രണ്ടു ഘട്ടങ്ങളും ഇനി പൂർത്തിയാക്കണമെങ്കിൽ കേരളം സഹകരിക്കണം.

...uvalur



റേച്ചൽ കഴ്സന്റെ "നിശബ്ദ വസന്തത്തിൽ" നിശ്ചലമായ പ്രകൃതിയെക്കുറിച്ച് പറയുന്നു. കിളികളും, പൂമ്പാറ്റകളും, മൃഗങ്ങളും, അവരുടെ ശബ്ദവുമില്ലാത്ത ലോകം, ജലം വറ്റിപ്പോയ അന്തരീക്ഷം, ശബ്ദമില്ല... മണൽ തരികളുടെ മുരൾ മാത്രമുള്ള ഉണങ്ങിയ ജീവിതം.

ഇതായിരിക്കാം കാലത്തിന്റെ അടുത്ത മറുപടി കാരണം നാം അത്രേകണ്ട് ചെയ്തുകഴിഞ്ഞു. ചെയ്തു കഴിഞ്ഞ ക്രൂരതകൾക്ക് എണ്ണമില്ല.

തണ്ണീർത്തട സംരക്ഷണ നിയമം, നെൽവയൽ സംരക്ഷണ നിയമം, ജല സംരക്ഷണ നിയമം. ഇങ്ങനെ ഒട്ടനവധി നിയമങ്ങൾ സമൂഹത്തിൽ ഉണ്ടെങ്കിലും അത് അധികാരി എന്ന് ഭാവിക്കുന്ന മനുഷ്യരുടെ വലയത്തിലാണ്.

അവർ ഒരു മൃഗത്തെപ്പോലെ, മനുഷ്യ-മൃഗത്തെപ്പോലെ പെരുമാറാൻ ശ്രമിക്കുന്നു.

മൗറീഷ്യസ് ദ്വീപിൽ ചത്ത് വീണ ഡോ. ഡോ പക്ഷികളും, അമേരിക്കൻ ചക്രവാളത്തിൽ ചോര തെറിപ്പിച്ചു കൊണ്ട് ~~പ~~ പിടഞ്ഞ് വീണ സഞ്ചാരി പ്രാവുകളും, മനുഷ്യന്റെ ദുഷിച്ച പ്രവർത്തികളുടെ ഓർമകൾ.

"മാ നിഷാദാ" (അരുത് കാട്ടാളാ) എന്ന് വാല്മീകി ആദ്യമായി രാമായണത്തിലൂടെ പക്ഷിയ്ക്ക് നേരെ അമ്പ് തൊടുത്തു വിട്ട കാട്ടാളനോട് പറയുന്ന രീതിയിൽ കുറിച്ചിട്ടു.

എന്നാൽ 'മാ നിഷാദാ' എന്ന് തന്നെയാണ് കേരളീയരോടും പറയാനുള്ളത്. കരങ്ങൾ, അവരുടെ കറുത്ത കരങ്ങൾ അത്രത്തോളം മുറുക്കിക്കൊണ്ട് കേരളത്തിൽ സ്ഥാപിച്ചിരി-ക്കുന്ന ഈ ഒരു അവസ്ഥയിൽ അതിനെ ഒഴിവാക്കി മുന്നോട്ട് പോകേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു.

കേരളത്തെ വിഴുങ്ങിയ പ്രളയം യാഥാർഥ്യത്തിൽ ഒരു ~~[illegible]~~ പാഠമാണ്, തിരിച്ചറിവിന്റെ പാഠം.

7

കുന്നുകളെ രാക്ഷസയന്ത്രങ്ങൾ കവർന്നെടുത്തു,
മഴയുടെ വരവിനെ തടഞ്ഞു നിർത്തി, പുഴകളുടെ
ഗതി മാറ്റി, മണൽ വാരി, കാവുകൾ മണ്ണിട്ടുമൂടി,
കാടുകൾ വെട്ടി നശിപ്പിച്ചു. പുഴകളിലൂടെ
പ്ലാസ്റ്റിക് ഒഴുക്കി വിട്ടു. ഇന്ന ചെയ്ത തെറ്റു-
കൾക്ക് പ്രകൃതി വിധിയെഴുതി അതാണ്
കേരളത്തെ കണ്ണീരിലാഴ്ത്തിയ പ്രളയത്തിന്റെ
ചരിത്രം. കോൺക്രീറ്റ് കാടുകൾ കേരളത്തിൽ
നിറയുമ്പോഴും, വിദേശ സ്വപ്നങ്ങൾ മുന്നിൽ
കണ്ട് കുതിക്കുമ്പോഴും പ്രകൃതിയെ അറിഞ്ഞില്ല.
ഹൃദയത്തുടിപ്പുകൾ കേട്ടില്ല.

മലയാളികളുടെ ജീവിതം ഫ്ലാറ്റിന്റെ
ബാൽക്കണിയിലൊതുങ്ങിയതും, കറങ്ങുന്ന
കസേരയെ അവർ പ്രേമിച്ചു തുടങ്ങിയതും,
ഗ്രാമത്തിലെ വേരുകൾ മുറിച്ച് അത്
~~[illegible]~~ നഗരത്തിൽ വെച്ചതും ...
എല്ലാം പെട്ടന്നായിരുന്നു. നേട്ടങ്ങളും,
വിജയങ്ങളും കൈവരിക്കാനുള്ള കുതിപ്പിൽ
വഴിയേ നിൽക്കുന്ന പ്രകൃതിയെ ഒരു
തടസ്സമായിക്കണ്ട് ~~[illegible]~~ നശിപ്പിച്ചു.

ഇത് തിരിച്ചറിവിന്റെ നാളുകളാണ്.
പുനർനിർമ്മാണത്തിനുള്ള നാളുകൾ. ഇന്ന്
നമുക്ക് ദുരന്തവും, ദുഖവും എന്താണെന്നറിയാം.
മാനുഷിക മൂല്യങ്ങളുടെ അർത്ഥമറിയാം.
മനുഷ്യൻ മനുഷ്യനായി മാറി. ഇനി വികസന
പദ്ധതിയിലേർപ്പെടാം 'സുസ്ഥിരമായ വികസനം'.
ഇനി നവകേരള പദ്ധതിയിലേർപ്പെടുമ്പോൾ
പഴയ കേരളത്തെ അതേ പോലെ സൃഷ്ടിക്കാൻ
നോക്കേണ്ടതല്ല. പകരം പുതിയ മാറ്റങ്ങളിൽ
എല്ലാ മേഖലയെ അറിഞ്ഞുകൊണ്ട്
സമഗ്രമായ വികസനമാണ് അവശ്യം.
പ്രകൃതിയെ യാതൊരുവിധത്തിലും നശിപ്പിക്കരുത്.
കാരണം ജീവിതത്തിന്റെ തന്മാത്രയാണ്
പ്രകൃതിയെന്ന് നാം അറിയേണ്ടതായിട്ടുണ്ട്

തായ്‌ലാൻഡിലും, ജപ്പാനിലും,

പ്രകൃതിക്ഷോഭങ്ങൾക്ക് മുന്നൊരുക്കമായി,
ജലപ്രവാഹം ഉണ്ടാകുമ്പോൾ ഉയരുന്ന തരത്തിലുള്ള
വീടുകളാണ് നിർമ്മിച്ചിരിക്കുന്നത് അത്
കൂടാതെ ജപ്പാനിൽ നിർമ്മിച്ചിരിക്കുന്ന
വീട് എന്നത് പ്രളയമോ മറ്റും ഉണ്ടായാൽ

Cheruvathur

(7)

താമസസൗകര്യമുള്ള മുകളിലെ നിലയും ജലം ഒഴുകി വിടാനുള്ള താഴെ നിലയുമുള്ള വീടാണ്. ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ ആലപ്പുഴ ജില്ലയിൽ നടത്താവുന്നതാണ് എന്ന് കേന്ദ്ര പ്രളയ ദുരിത നിവാരണ സമിതി അഭിപ്രായപ്പെടുന്നു.

പ്രളയം കേരളം വിട്ടുപോയ അടുത്ത ദിനങ്ങളിലായി കേരളം നേരിട്ടത് തീവ്രത ഏറിയ വരൾച്ചയെയാണ്. ഇതിനുള്ള കാരണം നദീതടങ്ങളിൽ നിന്നും പ്രളയസമയത്ത് ഒലിച്ചുപോയ എക്കൽ മണ്ണാണ് എന്ന് ശാസ്ത്രലോകം പറയുന്നു. "ഒന്നിനു പുറകേ മറ്റൊന്നായി കേരളം ദുരിതങ്ങൾ നേരിടുമ്പോൾ. ചങ്കൂറ്റം നശിക്കാത്ത കേരളത്തെ കാണാൻ കഴിയുന്നത് പ്രത്യാശയാണ്" - ഇത് സാഹിത്യകാരനായ എം. മുകുന്ദന്റെ വാക്കുകളാണ് ഈ വാക്കുകൾ കേരളത്തെ നിവർന്നു നിൽക്കാൻ സഹായിക്കുന്നു.

തളരാത്ത മനസ്സുണ്ട് കേരളത്തിന് കാരണം ഇത് ~~കേരളി~~ സഹ്യന്റെ മണ്ണാണ്.

Cheruvathur


"ഭാരതമെന്നു കേട്ടാലോ , അഭിമാനപൂരിതമാകണം
അന്തരംഗം കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര ഞരമ്പുകളിൽ"

എന്നാൽ ഇന്ന് മരവിച്ച രക്തമാണ് കേരളത്തിന്റെ ഞരമ്പുകളിലൂടെ ഒഴുകുന്നത്. ആ തണുത്ത രക്തം ഇനി പഴയ രൂപത്തിലേയ്ക്ക് മാറണമെങ്കിൽ സമയം ആവശ്യമാണ്

സമയമെന്ന് ജീവിക്കുന്ന കേരളീയ മനസ്സിൽ നിന്ന് മരവിച്ച ഓർമകൾ ഓടിമറയരുത്.

ഏതൊരു രംഗത്തും കുതിച്ചുകൊണ്ടിരുന്ന കേരളത്തെ തളർത്തിയ ഒന്നായിരുന്നു കഴിഞ്ഞ നാളുകളിൽ കറുത്ത ആകാശം. മത്സ്യകൃഷി, കാർഷികം, ടൂറിസം, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ ഒട്ടനവധി രംഗങ്ങൾ ആ നിമിഷങ്ങളിൽ നിശബ്ദമായി തീർന്നു.

എന്നാൽ ഇന്ന് കേരളം ഉയരാൻ ശ്രമിക്കുകയാണ് നാശത്തിൽ നിന്നും പുത്തൻ നാമ്പുകൾ തിരയുന്നു.

പ്രളയ നാളുകളിൽ കേരളത്തെ "ബ്ലാക്ക് ടൂറിസ"-ത്തിലേക്ക് നയിക്കേണ്ടി വരുമോ എന്ന് ചിന്തയുണ്ടായിരുന്നു. ~~[illegible]~~ ഭോപ്പാൽ ദുരന്ത നഗരിയെ എന്ന പോലെ കേരളം എന്ന ദൈവത്തിന്റെ സ്വന്തം നാടിനെ ചെകുത്താന്റെ നാടാക്കി മാറ്റേണ്ടി വരുമോ എന്ന് ചിന്ത ഉടലെടുത്തു എന്നാൽ കേരള സർക്കാർ കെയർ കേരള പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് ഉറപ്പിച്ചിരിക്കുന്നു.

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായാണ് സർക്കാർ ജീവനക്കാർക്കിടയിൽ സാലറി-ചാലഞ്ചും, ധനസഹായ നിധികളും, ഉണ്ടാക്കിയത്. അത് അതിന്റെ വിജയ പാതയിലൂടെ മുന്നോട്ട് പോകുന്നു.

കേരളീയ ജനതയ്ക്ക് വീടുകൾ നിർമ്മിച്ചു നൽകുക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, വിദ്യാഭ്യാസത്തിന് സഹായങ്ങൾ നൽകുക എന്നതാണ് കേരള സർക്കാരിന്റെ ലക്ഷ്യങ്ങൾ.

കേരളം വികസിക്കും, പഴയതിനേക്കാൾ ഏറെ ഗാംഭീര്യത്തോടെ ഉയരും. എന്ന ശുഭാപ്തി - വിശ്വാസമുണ്ട് എന്നാൽ കഴിഞ്ഞ നാളുകളിലെ ദുരന്ത നിമിഷങ്ങൾ മറക്കുമോ ? ഇത് വലിയൊരു ചോദ്യ ചിഹ്നമാണ്. ഈ ചോദ്യത്തി- ന് ആധുനിക ലോകത്ത് വലിയ സ്ഥാനം തന്നെയാണുള്ളത്. കാരണം കഴിഞ്ഞ കാലം മറക്കുക എന്നത് മനുഷ്യരുടെ സ്വഭാവമായി മാറിയിരിക്കുകയാണല്ലോ. ഇവിടെ വികസനം ഉടലെടുക്കുമ്പോൾ അത് മനുഷ്യ ഹൃദയങ്ങളുടെ വ്യാപ്തി കുറയ്ക്കുന്നു. മനുഷ്യർ വലുതാകു- കയും ഹൃദയം ചെറുതാകുകയും ചെയ്യുന്നു.

ലോക ബാങ്കിന്റെ കണക്കുപ്രകാരം 23000 കോടിയിലേറെ നാശനഷ്ടങ്ങൾ ഇവിടെയുണ്ടായിരിക്കുന്നു. ആ കണക്ക് നികത്തി നവകേരള നിർമ്മിതിയ്ക്ക് കരുത്ത് പകരുക എന്നത് വലിയ കടമ തന്നെയാണ്. ആ കടമ നാം കേരളീയരിൽ നിലകൊള്ളുന്നു. കേരള സമൂഹം ഒരുപാട് അനുഭവിച്ചിട്ടുണ്ട് നവോത്ഥാന കേരളം എന്ന സ്വപ്നം

നിറവേറ്റിയാണ് കേരളം ഭരണ സംവിധാനം ജനാധിപത്യ രീതിയിലേക്ക് കടന്നത് എന്നാൽ അത് വ്യത്യസ്തമായ മാറ്റങ്ങൾക്ക് തുടക്കമായി വികസനം എന്ന കേരളീയ സ്വപ്നം യാഥാർഥ്യമായി എന്നാൽ അതിനെ തകർത്തു കൊണ്ട് പ്രളയം എത്തി. വികസന സ്വപ്നങ്ങൾ നെയ്ത് കൂട്ടുമ്പോൾ മനുഷ്യൻ മറന്നത് സ്വന്തം ജീവിതത്തെയാണ് അതിന്റെ നിലനിൽപ്പിനെയാണ്

പ്രകൃതിയെ കണ്ടുമുട്ടിയാൽ അതിനെ തൂക്കിക്കൊല്ലാനുള്ള ആരാച്ചാർ ആകാനും മനുഷ്യൻ മടിക്കില്ല കാരണം മനുഷ്യരുടെ പൊതുവികാരമാണ് പ്രതികാരം. എന്നാൽ പ്രകൃതിയ്ക്ക് അത് ഇല്ല.

ആവാസവ്യവസ്ഥയുടെ സന്തുലത നശിപ്പിച്ചും, ജൈവവൈവിധ്യങ്ങളുടെ വേരുകൾ മുറിച്ചും. മുന്നേറുന്ന മനുഷ്യൻ. സ്വന്തം ജീവിതത്തെ സ്വയം ബലിയാക്കുന്നു. എന്നാൽ . അവൻ അത് അറിയുന്നില്ല എന്ന് മാത്രം. കേരളീയർ അത് അറിഞ്ഞുവെന്ന് വിശ്വസിക്കാം പ്രളയം പഠിപ്പിച്ച പരിസ്ഥിതി

പാഠങ്ങൾ.

മനുഷ്യൻ, മനുഷ്യനെ തിരിച്ചറിയുന്ന നിമിഷം. പ്രകൃതി സന്തുലിതാവസ്ഥയിൽ എത്തിച്ചേരും. പ്രകൃതിയിലെ ജീവജാലങ്ങളെല്ലാം ഒറ്റ നൂലിൽ കോർത്തിരിക്കയാണ് അതിൽ ഒന്നിന്റെ തന്മാത്ര നശിച്ചാൽ അത് പൂർണമായി പ്രകൃതിയെ തന്നെ നശിപ്പിക്കുന്നതിന് കാരണമാകും

"ലോകത്തിൽ ഏറ്റവും ഭയപ്പെടേണ്ട ജീവി മനുഷ്യനാണ് കാരണം. അവന് ദൈവം കുറച്ചധികം ബുദ്ധി നൽകി" - ഇത് കൺഫ്യൂഷ്യസിന്റെ വാക്കുകളാണ്

സമൂഹം അത്യാധുനികതയിലേക്ക് കുതിക്കുമ്പോൾ ആ ട്രാക്കിൽ കിടന്ന് ചതയുന്ന പ്രകൃതിയെ വേദനിപ്പിക്കരുത്. വേദനിപ്പിച്ചാൽ ഇനിയും നാം അനുഭവിക്കേണ്ടതായി വരും.

ഇനിയൊരു ദുരിതം കേരളത്തെ, ലോകത്തെ തന്നെ നശിപ്പിക്കരുത് എന്ന പ്രത്യാശയുണ്ട് മനസ്സിൽ അതു തന്നെയാകട്ടെ പ്രകൃതിയുടെ